**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 210** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യിലെ നിയമനം സംബന്ധിച്ച അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **null<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി.യിൽ അനധികൃത നിയമനങ്ങൾ നടക്കുന്നു എന്ന കെ.എസ്.ഇ.ബി. ചെയർമാൻ വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ അനധികൃത നിയമനങ്ങൾ നടക്കുന്നു എന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ പ്രസ്താവിച്ചിട്ടില്ല. |
| (ബി) | കെ.എസ്.ഇ.ബി.യിൽ ജീവനക്കാരെ നിയമിക്കുമ്പോൾ റഗുലേറ്ററി കമ്മീഷന്റെ അംഗീകാരം നേടണമെന്ന് വ്യവസ്ഥയുണ്ടോ; | (ബി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ജീവനക്കാരെ നിയമിക്കുമ്പോൾ റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അംഗീകാരം നേടണമെന്ന വ്യവസ്ഥയില്ല. |
| (സി) | കെ.എസ്.ഇ.ബി.യിലെ മുപ്പത്തി മൂവായിരം ജീവനക്കാരിൽ ആറായിരത്തോളം പേരുടെ നിയമനത്തിന് റഗുലേറ്ററി കമ്മീഷന്റെ അംഗീകാരം നേടിയിട്ടില്ല എന്നത് വസ്തുതയാണോ; | (സി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ മുപ്പത്തിമൂവായിരം ജീവനക്കാരിൽ ആറായിരത്തോളം പേരുടെ നിയമനത്തിന് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ആവശ്യമില്ല. താരിഫിൽ ചിലവ് ഉൾപ്പെടുത്താനാണ് അനുമതി വേണ്ടത്. |
| (ഡി) | ഫുൾ ബോർഡോ മാനേജിങ് ഡയറക്ടറോ അറിയാതെ തൊണ്ണൂറ് ഉദ്യോഗസ്ഥരെ വാട്സാപ് സന്ദേശം നൽകി നിയമിച്ചു എന്ന കെ.എസ്.ഇ.ബി. ചെയർമാന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | നിയമനവുമായി ബന്ധപ്പെട്ട ഹൈക്കോടതി കേസിൽ വാട്സാപിൽ കമ്പനിയുടെ അഭിഭാഷകന് നിർദ്ദേശം നൽകി എന്ന് ഒരു അച്ചടക്ക അന്വേഷണത്തിന്റെ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട വസ്തുതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഇ) | നിയമനവുമായി ബന്ധപ്പെട്ട ഹൈക്കോടതി കേസിൽ വാട്സാപിൽ കമ്പനിയുടെ അഭിഭാഷകന് നിർദ്ദേശം നൽകി എന്ന് ഒരു അച്ചടക്ക അന്വേഷണത്തിന്റെ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട വസ്തുതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ